# Virtual Meeting between EAM and Foreign Affairs Minister of Morocco

October 22, 2020

---

# വിദേശകാര്യമന്ത്രിയും മൊറോക്കോ വിദേശമന്ത്രിയും തമ്മിലുള്ള വിർച്വൽ മീറ്റിംഗ്

ഒക്ടോബർ 22, 2020

1.വിദേശകാര്യമന്ത്രി ഡോ. എസ് ജയശങ്കറും, മൊറോക്കോയിലെ ആഫ്രിക്ക കോർപറേഷൻ, മൊറോക്കൻ എക്സ്പാട്രിയേറ്റ്സ് വിദേശകാര്യമന്ത്രി ശ്രീ. നാസ്സർ ബൗരിറ്റ എന്നിവർ തമ്മിലുള്ള വിർച്വൽ മീറ്റിങ് 2020 ഒക്ടോബർ 22 ന് നടന്നു.

2. മൂന്നാമത് ഇന്ത്യ -ആഫ്രിക്ക ഫോറം ഉച്ചകോടിയ്ക്കായി ഒക്ടോബർ 2015 ൽ ,മൊറോക്കോ രാജാവായ മുഹമ്മദ് VI യുടെ പ്രധാനമായ സന്ദർശനത്തെത്തുടർന്ന് ഉഭയകക്ഷിബന്ധങ്ങൾ കൂടുതൽ ദൃഢതയാർജ്ജിച്ചിരിക്കുന്നുവെന്ന് ഇരു വിഭാഗങ്ങളും അംഗീകരിച്ചിരുന്നു.ഉഭയകക്ഷി ബന്ധങ്ങൾ ഉയർന്ന തലത്തിലേക്ക് കൊണ്ടുപോകാൻ ഇരു ഭാഗങ്ങളിലുമുള്ള ശക്തമായ ആഗ്രഹത്തോടെ ഐടി,വിദ്യാഭ്യാസം, സംസ്കാരം, കാർഷികം, പരസ്പരമുള്ള നിയമ സഹായം,നാടുകടത്തൽ എന്നിങ്ങനെയുള്ള വിവിധ മേഖലകളെ സംബന്ധിക്കുന്ന 23 മന്ത്രിതല സന്ദർശനങ്ങൾ, 40 ഉഭയകക്ഷി ഉടമ്പടികൾ എന്നിവയെ സംബന്ധിച്ച് ചർച്ചകൾ നടത്തി. മൊറോക്കോയെ പുരോഗതിയുടെയും സമൃദ്ധിയുടെയും പാതയിലൂടെ കൊണ്ട് പോകുന്നതിന് അദ്ദേഹത്തിൻറെ നേതൃത്വത്തെ വിദേശകാര്യമന്ത്രി അഭിനന്ദിച്ചു.

3. വ്യവസായം നിക്ഷേപം എന്നിവയ്ക്കായുള്ള ബന്ധങ്ങളുടെ പുരോഗതി അനുകൂലമായി വിശകലനം ചെയ്തുകൊണ്ട്, രാസവളങ്ങൾ, തുണിത്തരങ്ങൾ, മരുന്നുകൾ, ഓട്ടോമൊബൈലുകൾ കൂടാതെ ഐ സി ടി മേഖലകൾ എന്നിവയിലെ അടുത്ത സഹകരണവും മന്ത്രിമാർ നിരീക്ഷിക്കുകയുണ്ടായി. കഴിഞ്ഞ രണ്ടു വർഷങ്ങളിലായി സൈബർ സുരക്ഷ, തീവ്രവാദ പ്രതിരോധം കൂടാതെ ബഹിരാകാശം എന്നിവയിൽ രൂപപ്പെടുത്തിയിട്ടുള്ള ധരണാപത്രങ്ങൾ/ ഉടമ്പടികൾ എന്നിവ ശക്തവും സമഗ്രവുമായ ബന്ധത്തിന് അടിത്തറ പാകുന്നതാണെന്ന് അവർ അനുകൂലിച്ചു. പ്രതിരോധ സഹകരണം

സാംസ്കാരിക കൈമാറ്റ പദ്ധതികൾ എന്നിവയിലെ ധാരണാപത്രങ്ങൾ പെട്ടന്ന് തന്നെ നിർണ്ണയിക്കേണ്ടതെന്നും അതിനാൽ അവ നേരത്തെയുള്ള തിയ്യതിയിൽ തന്നെ ഒപ്പു വയ്ക്കാവുന്നതെന്നും അവർ അനുകൂലിച്ചു.

4. കോവിഡ് -19 പകർച്ചവ്യാധിയെ നേരിടുന്നതിന് അതാതു രാജ്യങ്ങളുടെ സമീപനങ്ങളെക്കുറിച്ച് അവർ ചർച്ച ചെയ്തു.പകർച്ചവ്യാധി മൂലം അന്താരാഷ്ട്ര വിമാനങ്ങൾ നിർത്തലാക്കിയതിനാൽ മൊറോക്കോയിൽ അകപ്പെട്ട ഇന്ത്യക്കാരെ തിരിച്ചെത്തിയ്ക്കാൻ മൊറോക്കൻ സർക്കാർ നൽകിയ പിന്തുണയ്ക്ക് വിദേശകാര്യമന്ത്രി നന്ദി അറിയിച്ചു. തിരികെ ഇത്തരം പ്രതിസന്ധി സമയത്ത് മരുന്നുകൾ ഇറക്കുമതി ചെയ്യുന്നതിന് ഇന്ത്യൻ ഭരണകൂടമൊരുക്കിയ സൗകര്യത്തിനു ശ്രീ.ബോറിറ്റയും അഭിനന്ദനങ്ങൾ അറിയിച്ചു.

5. ഐക്യരാഷ്ട്ര സഭയുടെ നവീകരണങ്ങൾ, തീവ്രവാദത്തിനെതിരെയുള്ള അന്താരാഷ്ട്ര പോരാട്ടങ്ങൾ,കാലാവസ്ഥ വ്യതിയാനം, പുനരുപയോഗിക്കാവുന്ന ഊർജം , കൂടാതെ ഇന്ത്യ -ആഫ്രിക്ക ഫോറം സമ്മിറ്റ് (IAFS) മെക്കാനിസം എന്നിവയുൾപ്പടെയുള്ള പ്രാദേശികവും ആഗോളവുമായ വിഷയങ്ങളിൽ ഇരു നേതാക്കളും ഗഹനമായ ചർച്ച നടത്തി.

6. ബൗസ്നിക്കയിൽ അടുത്തിടെ നടന്ന ഇൻട്രാ ലിബിയൻ ചർച്ചകൾ ഉൾപ്പടെ ലിബിയയിൽ നടന്ന സംഭവവികാസങ്ങളെക്കുറിച്ച് ശ്രീ ബൗരിറ്റ സംക്ഷിപ്ത വിവരണം നൽകിയിരുന്നു, ഇതിനോട് പ്രതികരിക്കുന്ന സമയത്തെ പ്രതിസന്ധിയുടെ ആരംഭസമയം മുതൽ തന്നെ എല്ലാ ലിബിയൻ പാർട്ടികളോടും ഉള്ള മൊറോക്കോയുടെ ഉറച്ചതും സമഗ്രവുമായ ഇടപെടലുകളോട് അദ്ദേഹം അഭിനന്ദനം അറിയിച്ചു കൂടാതെ രാജ്യത്തിന്റെ പരമാധികാരവും പ്രാദേശികമായ അഖണ്ഡതയും ഐക്യവും നിലനിർത്തിക്കൊണ്ടും ലിബിയൻ ജനതയുടെ നിയമപരമായ അവകാശങ്ങൾ കണക്കിലെടുത്തു കൊണ്ടും ലിബിയയുടെ അധീനതയിലും നേതൃത്വത്തിലും ഉള്ള രാഷ്ട്രീയ നടപടികളിലൂടെ സമാധാനപരമായ പരിഹാരം കണ്ടെത്താൻ ഐക്യരാഷ്ട്ര സഭയുടെ പ്രവർത്തനങ്ങളിലേക്കുള്ള മൊറോക്കോയുടെ സംഭാവനകളും അദ്ദേഹം പ്രശംസിച്ചു.

7. 2021 -22 വർഷത്തേക്കുള്ള unsc യിലെ അസ്ഥിരാംഗത്വം നേടിയതിന് ശ്രീ.ബൗരിറ്റ ഇന്ത്യയെ അഭിനന്ദിച്ചു കൂടാതെ വിപുലീകരിച്ചു ഐക്യരാഷ്ട്ര സഭയുടെ സുരക്ഷ കൗൺസിലിൽ ഇന്ത്യയുടെ സ്ഥിരംഗത്വത്തിനായി മൊറോക്കൻ ബഹരണകൂടത്തിന്റെ പിന്തുണ വാഗ്ദാനം ചെയ്യുകയും ചെയ്തു. ഐക്യരാഷ്ട്ര സഭ ഉൾപ്പടെയുള്ള അന്താരാഷ്ട്ര സ്ഥാപനങ്ങളിൽ ഇരു

രാജ്യങ്ങളും തമ്മിലുള്ള സഹകരണത്തിൽ നേതാക്കൾ സംതൃപ്തി പ്രകടിപ്പിച്ചു.

8. യാഥാസ്തികവും, സ്ഥിരതയുള്ളതും, ഇരു വിഭാഗങ്ങളും ചർച്ച ചെയ്തുള്ളതും സ്വീകാര്യവുമായതുമായ രാഷ്ട്രീയ തീരുമാനം സഹാറ വിഷയത്തിൽ ലക്ഷ്യവയ്ക്കുന്ന യുണൈറ്റഡ് നേഷൻസ് സെക്രട്ടറി ജനറലിന്റെ പ്രവർത്തനങ്ങൾക്ക് ഇന്ത്യയുടെ പിന്തുണ വിദേശകാര്യ മന്ത്രി അറിയിച്ചു കൂടാതെ ഈ ദിശയിലുള്ള മൊറോക്കോ ഭരണകൂടത്തിന്റെ പരിശ്രമങ്ങളെയും നിരീക്ഷിച്ചു.

9. സാഹചര്യം അനുവദിക്കുമ്പോൾ ഇന്ത്യ സന്ദര്ശിക്കുന്നതിനായുള്ള വിദേശകാര്യമന്ത്രിയുടെ ക്ഷണത്തെ മൊറോക്കോ വിദേശകാര്യമന്ത്രി സന്തോഷത്തോടെ സ്വാഗതം ചെയ്തു.

**ന്യൂ ഡൽഹി**
**22 ഒക്ടോബർ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.